# സെന്റ് തോമസ് എൽ.പി സ്കൂൾ നീലേശ്വരം.

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ | : | സെന്റ് തോമസ് എൽ.പി. സ്കൂൾ നീലേശ്വരം |
| മേൽവിലാസം | : | കല്ലുരുട്ടി P.O., താമരശേരി (via) കോഴിക്കോട് |
| ഉപജില്ല | : | മുക്കം |
| വിദ്യാഭ്യാസജില്ല | : | താമരശേരി |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| സ്കൂൾ വിഭാഗം | : | എൽ. പി. |
| പ്രാദേശിക ഭരണകൂടം | : | മുക്കം മുനിസിപ്പാലിറ്റി |
| വിദ്യാർത്ഥികൾ | : | 67 |
| ആൺകുട്ടികൾ | : | 30 |
| പെൺകുട്ടികൾ | : | 37 |
| അധ്യാപകർ | : | 5 |
| സ്കൂൾ മാനേജർ | : | റവ.ഫാ. ബിബിൻ കിളിയൻ പറമ്പിൽ |
| PTA പ്രസിഡന്റ് | : | മുഹമ്മദ് റിയാസ് |
| MPTA പ്രസിഡന്റ് | : | സുഹറ ജലീൽ |

# ആമുഖം

1950 ജൂൺ 1 ന് സ്ഥാപിതമായ നീലേശ്വരം സെന്റ്. തോമസ് എൽ. പി. സ്കൂൾ കല്ലുരുട്ടി ഗ്രാമത്തിന്റെ തിലകക്കുറിയായി ഇന്നും നിലകൊള്ളുന്നു. ഈ പ്രദേശത്തെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിക്ക് ഈ വിദ്യാലയം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. പുതിയ അധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക് വളർച്ചയ്ക്കുവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ ഒരുക്കിക്കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

* മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

* ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

* മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ വാർത്തെടുക്കുക.

* മുഴുവൻ കുട്ടികൾക്കും ആരോഗ്യ - കായികക്ഷമത ഉറപ്പാക്കുക.

* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.

* പരിസ്ഥിതിയെ അറിഞ്ഞ് പ്രകൃതിവിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാൻ പഠിക്കുക.

* കുട്ടികളെ പ്രശ്നപരിഹരണശേഷി ഉള്ളവരാക്കുക.

* കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികളെ മികവുറ്റവരാക്കുക.

* കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ കുട്ടികളിൽ ഉറപ്പു വരുത്തുക

# പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക.<br>റിവേഴ്സ് തിയേറ്റർ | <u>വായനാലോകം</u><br>ഒഴിവുസമയങ്ങളിൽ കുട്ടികൾക്ക് വായിക്കുന്നതിനായി സ്കൂളിൽ 'വായനാലോകം' എന്ന പ്രത്യേകസ്ഥലം ഒരുക്കുന്നു. ക്ലാസ്സ് മുറികളിൽ ക്ലാസ്സിലെ ശേഷിയോടനുബന്ധിച്ച് വായനാമൂല ക്രമീകരിക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയയിൽ റിവേഴ്സ് തിയേറ്റർ സാധ്യത പരമാവധി പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് | SRG ക്ലാസ്സധ്യാപകർ |
| മലയാളഭാഷയുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കുക. | <u>തിളക്കം</u><br>ചിത്രരചന<br>കഥപറയൽ<br>കുട്ടിക്കവിത ചൊല്ലൽ<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ്<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം - കഥപറയൽ<br>ചിത്രം - കഥയെഴുതൽ<br>കഥ പൂർത്തിയാക്കൽ | ജൂൺ - മാർച്ച് | SRG ക്ലാസ്സധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | Make Me Talk | | |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ പ്രാവീണ്യം നേടുന്നതിനായി ഓരോ ക്ലാസിനും പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കി അവ അവതരിപ്പിക്കുന്നു. ക്ലാസ് റൂമുകളിൽ കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള സന്ദർഭങ്ങൾ ഒരുക്കുന്നു. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | SRG ക്ലാസ്സധ്യാപകർ |
| | Reading Card Workshop | | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ. | ജൂലൈ മാർച്ച് | PTA ക്ലാസ്സധ്യാപകർ |
| | ഏകദിന ശില്പശാല | | |
| സാഹിത്യാഭിരുചി വളർത്തുന്നതിനും അഭിനയം, പാട്ട് എന്നിവയിൽ പരിശീലനം ലഭിക്കുന്നതിനും പ്രാപ്തരാക്കുക. | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനും നാടൻ പാട്ട്, അഭിനയം എന്നിവയിൽ കഴിവുറ്റവരാക്കുന്നതിനുമായി പ്രത്യേക പരിശീലകർ സ്കൂളിൽ വന്ന് പരിശീലനം നൽകുന്നു. | ഓഗസ്റ്റ് | PTA SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനം കൗതുകകരമാക്കി കുട്ടികൾക്ക് ഗണിതശേഷികൾ ഉറപ്പിക്കുക. | ഗണിതമുന്നേറ്റം<br>ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനായി കളികൾ, പസിൽ, ജ്യാമിതിയ രൂപങ്ങൾ വരയ്ക്കൽ, മോഡലുകൾ നിർമ്മിക്കൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ശില്പശാല സംഘടിപ്പിക്കുന്നു. കൂടാതെ 1 മുതൽ 4 വരെയുള്ള കുട്ടികളിൽ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്റ്റംബർ | PTA<br>SRG |
| പരിസ്ഥിതിയെ അടുത്തറിയുന്നതിനും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും ചെയ്യുന്നതിന് | ഫീൽഡ് ട്രിപ്പ്<br>3, 4 ക്ലാസ്സുകളിലെ കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട് വയൽപ്രദേശം, തോട്, കുളം എന്നിവ സന്ദർശിക്കുവാനും വിവരങ്ങൾ ശേഖരിക്കുവാനും അവസരമൊരുക്കുന്നു.<br>അതിനാവശ്യമായ മുന്നൊരുക്കങ്ങൾ PTA അംഗങ്ങളുടെ സഹായത്തോടെ ക്രമീകരിക്കുന്നു. | ജൂലൈ | PTA<br>SRG<br>ക്ലാസ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പൊതുസ്ഥാപനങ്ങളെക്കുറിച്ച് മനസ്സിലാക്കാനും ഓരോന്നിന്റെ പ്രവർത്തനരീതികളും മനസ്സിലാക്കുന്നതിനും. | <u>നാടിനെ അറിയാം.</u> 3, 4 ക്ലാസ്സുകളിലെ കുട്ടികൾക്ക് പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും, അവയുടെ പ്രവർത്തനസംവിധാനങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും അവസരം ഒരുക്കുന്നു. | ജനുവരി | PTA ക്ലാസ്സധ്യാപകർ |
| അപകടങ്ങളെക്കുറിച്ചും സുരക്ഷാസംവിധാനങ്ങളെക്കുറിച്ചും പ്രഥമശുശ്രൂഷയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക. | <u>ബോധവത്ക്കരണക്ലാസ്സ് / സുരക്ഷാസംവിധാനങ്ങൾ</u> അപകടസാധ്യതകളെക്കുറിച്ചും ഓരോന്നും ഉണ്ടാകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും നൽകേണ്ട പ്രഥമശുശ്രൂഷകളെക്കുറിച്ചും ബോധവത്ക്കരണം നൽകുന്നു. സുരക്ഷാസംവിധാനങ്ങൾ പരിചയപ്പെടുത്തുന്നു. | ജനുവരി | PTA SRG |
| കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും കൃഷിരീതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും. | <u>സ്കൂളിലൊരു പച്ചക്കറിത്തോട്ടം</u> ഉച്ചഭക്ഷണ പരിപാടിയിലേക്കാവശ്യമുള്ള പച്ചക്കറികൾ സ്കൂളിൽ തന്നെ കൃഷിചെയ്യുന്നതിനുള്ള കാര്യങ്ങൾ PTA യുടെ സഹായത്തോടെ നടത്തുന്നു. കുട്ടികളെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും കൃഷിരീതികളെക്കുറിച്ച് ക്ലാസ്സ് നൽകുകയും ചെയ്യുന്നു. | ജൂലൈ ഓഗസ്റ്റ് | PTA SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യ കായികവിദ്യാഭ്യാസം ഉറപ്പുവരുത്തുക. | സുംബാ ഡാൻസ്<br>കുട്ടികളെ വ്യായാമമുറകൾ പരിശീലിപ്പിക്കുന്നതിനായി അധ്യാപകർ ആഴ്ചയിൽ ഒരു പ്രാവശ്യം സുംബാ ഡാൻസ് പരിശീലിപ്പിക്കുന്നു.<br>എയ്റോബിക്സ്<br>എയ്റോബിക്സ് പരിശീലനത്തിനായി പ്രത്യേക ടൈംഷെഡ്യൂൾ തയാറാക്കി പരിശീലനം നൽകുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സധ്യാപകർ |

# CLASS-1

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും ഇടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ സമൂഹമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും കഴിവുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വായന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- വീഡിയോ തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ .

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്യവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences.
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകുതി ഇരട്ടി കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റഅക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒറ്റഅക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ
- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- രണ്ടുവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി മൂല്യം എന്നിവ തിരിച്ചറിയുന്നു.

# CLASS-2

Class II

| പ്രക്രിയാ ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് അവരവർ പറയും വാക്കുകൾ എഴുതിയും വായിച്ചും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | - ചിത്രവായന<br>- വായനാകാർഡ് നിർമ്മാണം<br>വിശേഷണങ്ങൾ ചേർത്തുള്ള വാക്യനിർമ്മാണം<br>- ദിനാചരണത്തിനുള്ള സന്ദർഭം ഒരുക്കുന്നു. | ജൂൺ<br>ജൂലൈ |
| കുട്ടികളുടെ വായനാശേഷി വർധിപ്പിക്കുന്നു. | - ക്ലാസ് ലൈബ്രറി, - കുട്ടികൾ<br>- കവിതകളുടെ സമാഹാരം തയ്യാറാക്കുന്നു<br>( കിളിക്കൂട്ടുകാർ, മിന്നാമിന്നി വായനക്കാർഡുകൾ | ജൂലൈ -<br>മാർച്ച് |
| അഞ്ച് പൂർണ്ണതയുള്ള വാക്യങ്ങൾ ചേർത്ത് ലഘുവിവരണം എഴുതുന്നു | വീഡിയോ, ചിത്ര പ്രദർശനം<br>- വിവരണം തയ്യാറാക്കൽ | ഓഗസ്റ്റ് |
| ആശയങ്ങളും ഭാവങ്ങളും ഉൾക്കൊണ്ട് അഭിനയിക്കുന്നു | അഭിനയിക്കൽ,<br>പാഠഭാഗങ്ങൾ വിവിധ [illegible] | |

| മേഖല/ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| | സമൂഹത്തിൽ നൽകി ബോധവൽക്കരിച്ച് അവതരിപ്പിക്കുന്നു — സ്വയം നൽകുന്നു. | ജൂൺ - സെപ്തംബർ |
| വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നു. | സംഭാഷണം രേഖപ്പെടുത്തൽ<br>കഥാപാത്രങ്ങൾ തയ്യാറാക്കൽ<br>ഡയറി എഴുതൽ<br>കുറിപ്പ് തയ്യാറാക്കൽ<br>ലേഖനം ക്ലാസ് നിർമ്മാണം | സെപ്തംബർ - മാർച്ച് |
| | പതിപ്പ് നിർമ്മാണം<br>പ്രാദേശിക കുറിപ്പുകൾ തയ്യാറാക്കി പതിപ്പ് നിർമ്മിക്കുന്നു. | ഫെബ്രുവരി |

## ഗണിതം

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾ 100 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കുന്നു | സംഖ്യകൾ തിരിച്ചറിയാം<br>സംഖ്യകൾ തിരിച്ചറിയാൻ കുട്ടികൾക്ക് സാധിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ |
| പാട്ടുകൾ, കഥകൾ എന്നിവ ആശയങ്ങൾ ഉറപ്പിക്കുന്നു | - ഉല്ലാസ ഗണിതത്തിൽ പങ്കാളികളാകുക.<br>സാധനങ്ങൾ ഉപയോഗപ്പെടുത്തുന്ന 'കുട്ടികളുടെ ചന്ത' ശ്രദ്ധേയമായി.<br>- ഗണിതപഠനം ലക്ഷ്യമാക്കി ഗണിത കിറ്റ് വീട്ടിലും ഉപയോഗിക്കുന്നു'<br>- ബോക്സ് നിർമ്മാണം<br>- ക്ലോക്ക് നിർമ്മാണം | ജൂലൈ |
| രൂപങ്ങൾ തിരിച്ചറിയുന്നതിന് | - വിവിധ രൂപങ്ങൾ ഉപയോഗിച്ചുള്ള<br>ചിത്രങ്ങളുടെ നിർമ്മാണം<br>മാല, വല നിർമ്മാണം | ആഗസ്റ്റ് |

| ഘടകങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
| --- | --- | --- |
| - സങ്കലന, വ്യവകലന ക്രിയകൾ ഉറപ്പിക്കുന്നു. | മാതൃകാ ചാർട്ടും | |
| 3 ഒരക്ക സംഖ്യകൾ | ഉത്സവങ്ങളിലെ പ്രവർത്തനങ്ങൾ സന്ദർഭം | |
| - രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും | ഗെയിമുകൾ, സംഖ്യാ കാർഡ്, | |
| 2 രണ്ടക്ക സംഖ്യകൾ പുനഃക്രമീകരണം ഇല്ലാത്തത് | ചിത്രങ്ങൾ, ടോക്കൺ, മുത്ത്, | ഡിസംബർ — |
| - 2 രണ്ടക്ക സംഖ്യകൾ പുനഃക്രമീകരണം വരുന്നത് | ഈർക്കിൽ കെട്ട്, കളിനോട്ട്, | മാർച്ച് |
| - ഒരക്ക സംഖ്യകളുടെ വ്യവകലനം | ഉറിയിൽ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | |
| - രണ്ടക്ക സംഖ്യയിൽ നിന്ന് ഒരക്ക സംഖ്യ | | |

| പ്രത്യേകതകൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| വെളുത്ത സഞ്ചിയിൽ നിന്ന് വെളുത്ത നൂല് പുറത്തുവരുന്നു | | |
| വസ്ത്ര, പാത്രങ്ങളെയും ചിതൽ പാത്രങ്ങളെയും നശിപ്പിക്കുന്നു. | വിള നശിപ്പിക്കുന്നു. കുഞ്ഞുങ്ങളെ വളർത്തുന്നു. | ജൂലൈ - ഒക്ടോബർ |
| 2, 5, 10 ഇരട്ടി ഉണ്ടാകുന്നു തവണ പൊടിയിലിരുന്നു ഉയിർത്തെഴുന്നു. | വസ്ത്രങ്ങളെയും ചിതലുകളെയും നശിപ്പിക്കുന്ന പ്രവർത്തനം നടത്തുന്നു | ഡിസംബർ - മാർച്ച് |
| | രാസവസ്തുക്കൾ | |
| | ഗുളിക പ്രയോഗം | |
| | നാഫ്തലീൻ | |

# പരിസരപഠനം

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| - നിരീക്ഷണം | പരിസര നിരീക്ഷണം<br>പൊതു ഇടങ്ങൾ കുറിച്ചുള്ള<br>വിവരശേഖരണം | |
| - വർഗ്ഗീകരണം<br>- പട്ടികപ്പെടുത്തൽ<br>- പരിസരത്തിൽ ഉൾപ്പെടുന്ന<br>- നിഗമനം രൂപീകരിക്കൽ | - ഫീൽഡ് ട്രിപ്പ്, ചിത്രശേഖരണം<br>ചുറ്റുപാടിലൂടെ വീടിന്റെ സമീപത്തെ<br>ൾ പട്ടികപ്പെടുത്തൽ<br>- ചെടി ചിത്ര പുസ്തകങ്ങൾ<br>ആൽബത്തിന് നിർമ്മാണം<br>- പ്രവർത്തന വായിക്കൽ<br>ചർച്ച<br>- ഭാഷ ചിത്രപ്പെടുത്തൽ | ജൂൺ — മാർച്ച് |

| Learning outcomes | Activities | Period |
|---|---|---|
| Describe vegetables and fruits by specifying their colour taste and size | - Riddles<br>Magic sqare<br>picture reading<br>· interaction | June to August |
| Construct simple conversation | - Rearrange the story as conversation<br>- Role play.<br>- Predicting the dialogue | June to March |
| Identify the colours of the rainbow | - Draw and write name (colour strips) | August |
| Identify the sounds of different animals | Make the sound | September - october. |

| Learning outcomes | Activities | Period. |
|---|---|---|
| Describe a bird or animal on it features. | picture reading<br>· A project on 'The birds around us' | November |
| Name the rooms of a house and identify their purposes. | · picture reading<br>Match the rooms. | December<br>. January. |
| understand simple questions | Interaction<br>· Role play. | June to |
| Express ability using 'can' and can't | picture reading | March. |
| · To follow some instructions (Listening) | · Simple games<br>· Rhythmic clap | June to March. |

| | | |
|---|---|---|
| Learning out<br>Identify and read some words and sentences | - story<br>- Reading cards. | June to March |
| Identify and write simple action words. | - Identify pictures showing actions<br>- Associate with pictures<br>- picture reading | June<br>July |
| To follow some instructions. (listening) | - Simple games<br>- Rhythmic clap | June to March. |
| Identify and read some words and sentences | - story<br>- Reading cards | June to March. |
| Identify and write simple action words. | Identify pictures showing actions<br>Associate with pictures.<br>picture reading. | June - July. |

# CLASS - 3

# English.

AIM - To Speak, Read & write English without any mistake.

Time - June to March.

| Aim | Activities | Month. | |
|---|---|---|---|
| To check the vocabulary and writing skills of Pupils.<br>To develop listening skills and reading skills. | - Pretest<br>→ Listening Skills.<br>Games, Action Songs.<br>- Hello english activities<br>- Conversations<br>- Skit Stories<br>- use ICT<br>→ Speaking Skills.<br>- Identify the naming words from the Picture<br>· Identify the action words from the picture<br>- Make the Simple Sentences using the words about picture.<br>- Make Simple description about the picture.<br>- Growing Sentences.<br>Picture reading.<br>Self introductions. | June and July. | SRG<br>Teacher<br>CPTA. |

| | | | |
|---|---|---|---|
| Develop the creative speaking and writing. | Reading Skills:-<br>- Books reading<br>- Read words<br>- collect and read Post cards<br>- Rhyming words.<br>- TB activities<br>Writing Skills:-<br>- Make word web<br>- Picture description<br>- word chain<br>- Make words & Sentences<br>- Make riddles, Conversations<br>- Add More Lines. | August and September | CPTA Teacher SRG. |
| To express thoughts, feelings etc.. | Reading Skills:-<br>- Library book reading<br>- Conversations,<br>- Skit, stories<br>- use ICT<br>- Read notice<br>- Develop story<br>Writing Skills.<br>- Description<br>- Thoughts. | October and November. | SRG Teacher CPTA. |
| | | | |

| | | | |
|---|---|---|---|
| Develop the creative Speaking and writing. | Reading Skills.<br>- Library books reading<br>- Conversations, skit. stories use ICT<br>- Develop story<br>- Reads ~~dais~~ dairy.<br>Writing Skills.<br>- Dairy Announcement. | December and January. | SRC CPTA Teacher. |
| To improve the Presentation Power. | Reading Skills.<br>- Library books reading<br>- Conversations<br>- Skit Stories<br>- Develop story<br>Writing Skills.<br>- Dairy.<br>- Descriptions<br>- Thoughts<br>- Exibition. | February and March | SRC CPTA Teacher. |
| | | | |

# മലയാളം.

ഉദ്ദേശ്യം :- വിദ്യാർത്ഥികൾക്ക് സുഗമമായി മലയാളം വായിക്കാനും എഴുതാനും, സംസാരിക്കാനും കഴിവുണ്ടാക്കാൻ.

കാലയളവ് :- ജൂൺ - മാർച്ച്.

ലക്ഷ്യങ്ങൾ :- ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ.
- എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ സംവിധാനം. |
|---|---|---|---|
| നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക. | - Pic list<br>- ഭാഷാകേളികൾ / Action song.<br>- ഭാവാത്മക വായന<br>- കഥ പറയൽ<br>- അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ | ജൂൺ / ജൂലൈ. | അധ്യാപകർ<br>SRG<br>CPTA. |
| ലേഖനം.<br>വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | - ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.<br>- ക്ലാസ് ലൈബ്രറി വിഭവങ്ങൾ ആസ്വദിക്കാൻ<br>- വായനാകാർഡുകൾ തയ്യാറാക്കൽ.<br>- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 - പരിസ്ഥിതിദിനം. [illegible].<br>ജൂൺ 19 - വായനാദിനം. വായനാവാരം. | ജൂൺ / ജൂലൈ. | |

| | | | |
|---|---|---|---|
| സൃഷ്ടിപരമായി എഴുതാനും സംസാരിക്കാനുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക | സംസാര<br>വായനാശേഷി:<br>- ചിത്രവായന<br>- കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ശേഖരണം, ക്ലാസ് അവതരണം.<br>- അനുഭവ വിവരണം<br>- ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.<br>- ചിത്രവിവരണം. | | |
| സൃഷ്ടിപരമായി എഴുതാനും സംസാരിക്കാനുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക. | വായനശേഷി:-<br>- കഥാപുസ്തകങ്ങൾ വായിക്കുക<br>- വായിച്ചതിൽനിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.<br>- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.<br>എഴുത്ത്:-<br>- വാക്കുകളുടെ ~~[illegible]~~ വല (word web) നിർമ്മിക്കുക.<br>- ചിത്രവിവരണം<br>- വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക.<br>- ചോദ്യങ്ങൾ നിർമ്മിക്കുക. ചോദ്യോത്തര ചാർട്ട്.<br>- വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക. | ഓഗസ്റ്റ്- സെപ്റ്റംബർ | SRG class PTA Teacher. |

| | | | |
|---|---|---|---|
| ആലോചനകളും വിചാരങ്ങളും പ്രകടിപ്പിക്കാൻ കഴിയുന്നു. | വായനാശേഷി:<br>- ലൈബ്രറി പുസ്തകങ്ങൾ വായിക്കുക.<br>- കഥ, നോവൽ, നാടക കുറിപ്പുകൾ.<br>- പാഠപുസ്തക പ്രവർത്തനങ്ങൾ. | ഒക്ടോബർ നവംബർ ഡിസംബർ. | SRG<br>PTA<br>Teacher. |
| അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി നേടിയെടുക്കൽ, വിവിധ സാഹിത്യ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി നേടിയെടുക്കൽ. | ആസ്വാദനക്കുറിപ്പുകൾ<br>ലേഖനങ്ങൾ<br>കവിതകൾ.<br>കഥകൾ<br>പാഠപുസ്തകപ്രവർത്തനങ്ങൾ | ജനുവരി ഫെബ്രുവരി | SRG<br>ടീച്ചർ. |
| സർഗാത്മകപ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ. | മാർച്ച്. | [illegible]<br>Teacher. |

## പരിസരപഠനം.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം. |
|---|---|---|
| ജൂൺ. | → ചെടികൾ നിരീക്ഷിക്കുന്നു.<br>→ പ്രകൃതി നടത്തം<br>→ വിത്ത് മുളപ്പിക്കൽ<br>→ വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവ തിരിച്ചറിയുന്നു.<br>→ പരിസ്ഥിതി ദിനാചരണം<br>→ ഹരിതാക്കയ് നിർമ്മാണം. | SRG. |
| ജൂലൈ. | → വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കൽ, ചിത്രശേഖരണം.<br>→ മണ്ണ് നിരീക്ഷണം<br>→ ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം.<br>→ ഔഷധങ്ങൾ തരുന്ന ചെടികൾ | PTA , SRG |
| ഓഗസ്റ്റ്. | → മഴമാപിനി നിർമ്മാണം<br>→ ദിനാചരണത്തിന്റെ poster നിർമ്മാണം.<br>→ കിണർ സന്ദർശനം<br>→ മണ്ണ് നിരീക്ഷണം.<br>→ മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>→ മണ്ണ് കൊണ്ടുള്ള വ്യത്യസ്ത ഉപകരണങ്ങൾ<br>→ അറിവ് പടം തയ്യാറാക്കൽ | SRG. |
| സെപ്റ്റംബർ | → ശുചിത്വ poster നിർമ്മാണം<br>→ സ്കൂൾ ശുചിത്വ മുൻ പ്രവർത്തനങ്ങൾ<br>→ ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>→ Interview- ആരോഗ്യ പ്രവർത്തകർ. | SRG, PTA . |

| | | |
|---|---|---|
| ഒക്ടോബർ | → പ്രദർശനം<br>- ഫല - പച്ചക്കറികൾ.<br>→ Food Festival<br>→ എന്റെ ആരോഗ്യത്തിന് - ഓരോ കുടുംബം.<br>→ BMI കാണുന്നു.<br>→ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ.<br>→ ശരിയായ ഭക്ഷണശീലം - Poster. | PTA, MPTA<br>SRG. |
| നവംബർ. | → ആരോഗ്യവിദഗ്ധരുടെ ക്ലാസ്<br>→ Roleplay - രോഗനിർണയങ്ങൾ<br>→ First aid kit തയ്യാറാക്കൽ<br>→ ശുചിത്വ സമിതി. പത്ര cuttings, ചിത്രം. ശേഖരിക്കണം. | CPTA |
| ഡിസംബർ. | → പരീക്ഷണങ്ങൾ<br>→ നിരീക്ഷണ പ്രവർത്തനങ്ങൾ (Globe, ICT)<br>→ ഗ്ലോബ് നിർമാണം<br>→ ദേശീയ പതാക വരയ്ക്കൽ<br>→ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>→ ഭൂപട വായന<br>→ എന്റെ കേരളം<br>- ചിത്രരചന<br>കുറിപ്പ്<br>ചോദ്യോത്തരപ്പെട്ടി.<br>→ ഭൂപ്രകൃതി തിരിച്ചറിയൽ.<br>Google Map. | SRG<br>PTA. |
| ജനുവരി / ഫെബ്രുവരി. | → ജീവികളുടെ കൂടുകൾ<br>- ചിത്രശേഖരണം.<br>→ വ്യത്യസ്തതരം വീടുകൾ - Album<br>→ വീട് നിർമാണ ഉപകരണം - സന്ദർശനം. | |

| | | |
|---|---|---|
| | → വിദ്യാർത്ഥികളെ കണ്ടെത്തൽ<br>- Survey.<br>→ Interview, Field visit<br>→ ചോദ്യാവലി. | SRG PTA. |
| മാർച്ച്. | → ഉദ്ഘാടനം. | PTA, MPTA<br>SRG, SSK. |
| | | |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | മാസം | ചുമതല. |
|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നേടുന്നു. | പ്രിന്റ്: - ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ. ജൂലൈ. | ടീച്ചർ CPTA. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാട്ടുകൾ. - നാണയങ്ങൾ, കറൻസി നോട്ടുകൾ - പാട്ടുകൾ | ആഗസ്ത് | അദ്ധ്യാപകൻ കുട്ടികൾ. |
| എല്ലാ ക്രിയകളിലും സംഖ്യാബോധം ഉറപ്പാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | സെപ്റ്റംബർ | അദ്ധ്യാപകൻ കുട്ടികൾ. |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | - മന: കണക്കുകൾ - നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. | ഒക്ടോബർ നവംബർ | അദ്ധ്യാപകൻ കുട്ടികൾ. |
| ഗുണന വസ്തുതകൾ നേടൽ | - മന: കണക്കുകൾ - മഞ്ചാടികളി. | ഡിസംബർ. ജനുവരി | അദ്ധ്യാപകൻ കുട്ടികൾ CPTA. |

| | | | |
|---|---|---|---|
| ഭാഷാശേഷികളുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | – നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഉപന്യാസം. മാർക്ക്. | ചോദ്യ കാർഡുകൾ. |

# CLASS-4

# ENGLISH

| Aim | Activities | Time | duty |
|---|---|---|---|
| To develop the ability to read and speak english language | -> English assembly once in a month.<br>-> All tuesdays are English day<br>-> Paste English quote in class room<br>-> Insted of saying present during attendence, say a new word<br>-> Presenting English cartoons and stories. | June to march | SRG class teacher |
| To write english with out any mistake | -> English diary writing All wednesdays<br>-> Giving word puzzle<br>-> Fill in the blanks with suitable spelling letters.<br>[Flower, birds, Animals vehicles, body parts etc.] | July to march | Class teacher |

| Aim | Activities | Time | duty |
| --- | --- | --- | --- |
| Develop creativity - English theatre | • During sargavela period<br>→ Skit based on chapter.<br>→ Conversation<br>→ Rhymes<br>→ Poems<br>→ story telling | Once in a Month | SRG<br><br>class teacher |
| Enhance the ability in English writing | → Prepare a dictionary based on each chapter<br>→ Write 4 line copy based on a parti- cular story<br><br>→ Write a letter to the classmates related to any specific occation. | -After each chapter<br>-every day from July<br><br>once in a month | class teacher |
| To develop reading comprehension - English corner | → English story books<br>→ Reading cards | July to march | class teacher |
| To develop the confidence level of child reading and writing | → Reading competion<br>→ writing about anything as they like. | March | class teacher |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | • ഒരു ദിനം ഒരു കഥ<br>• വർക്ക് ഷീറ്റ് പ്രവർത്തനം - പൂത്തുമ്പി<br>• പ്രീടെസ്റ്റ്<br>• സംയുക്ത ഡയറി<br>• കഥാവായന, പൂർത്തീകരിച്ചെഴുതൽ<br>• അക്ഷരമണികൾ [പ്രതിദിനം] | ജൂൺ - ഓഗസ്റ്റ് | SRG ക്ലാസ് ടീച്ചർ |
| വായനാശേഷി വളർത്തൽ | • ക്ലാസ് ലൈബ്രറി<br>• ദിവസവും 1.30 to 1.45 ലൈബ്രറി പുസ്തക വായന<br>• പത്രവാർത്ത വായന<br>• ക്വിസ് പഠനം | ജൂൺ 19 to മാർച്ച് | SRG ക്ലാസ് ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | • സർഗാത്മക ഡയറി<br>• വായിച്ച പുസ്തകത്തെക്കുറിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ<br>• സർഗാത്മക രചനകളിലേർപ്പെടൽ<br>• മാസികകൾ പതിപ്പ് തയ്യാറാക്കൽ<br>• ക്ലാസ് പത്രം തയ്യാറാക്കൽ | ഒക്ടോബർ നവംബർ ഡിസംബർ | SRG ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| സാഹിത്യ കാരൻമാരെ അടുത്തറി യൽ ഓർമ്മദിനം ആചരിക്കൽ | • വായന ദിനം<br>• ബഷീർ ദിനം<br>• മാതൃഭാഷാ ദിനം<br>• സാഹിത്യ ക്വിസ്<br>• കവിതാ രചനാമത്സരം<br>• കഥ പറയൽ മത്സരം<br>• തന്ത്രകഥ<br>• സഞ്ചാര കഥകൾ<br>• ജീവചരിത്രക്കുറിപ്പ്<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• അമ്മ വായന | ജൂൺ ജൂലൈ<br><br>ഫെബ്രു വരി | SRG<br>ക്ലാസ് ടീച്ചർ |
| പാരമ്പര്യ വുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | • സ്കൂൾ കലാമേള<br>• സ്കൂൾ വാർഷികം<br>• ICT പ്രദർശനം<br>• ശേഖരണം - കലാരൂപങ്ങൾ<br>• ചമയങ്ങൾ പ്രദർശനം<br>• പ്രാദേശിക കലാകാരൻമാരു മായി സംവദിക്കൽ | Oct<br>Nov<br>Dec | HM<br>CPTA<br>SRG<br>class teacher |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങളെ പരിചയ പ്പെടൽ | • ഫുഡ് ഫെസ്റ്റ്<br>• ക്ലാസിലൊരു ഊണ് | october | CPTA<br>SRG<br>Class teacher |
| സർഗ്ഗാത്മകം - ഭാഷാപഠന ത്തിന്റെ ഭാഗമായി നേടിയ ശേഷി കൾ അന്തർ വിദ്യാലയത്തോ ടെ അവതരി പ്പിക്കൽ | • സ്വതന്ത്ര രചനാ മത്സരങ്ങൾ<br>• പഠനോത്സവം | March | PTA<br>HM<br>C.T |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചോദ്യക്കളികൾ പരിചിതമാക്കൽ) | • വിവിധ തരം കളികൾ<br>• ചോദ്യനിർമാണം | June – March | SRG CT |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലനശേഷി വികാസം | • ഒറിഗാമി രൂപങ്ങളുടെ നിർമാണം<br>• | ഒഴിവു സമയത്ത് | CT |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ | June to March | HM SRG CT |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം | ആവശ്യാനുസരണം | CT |

| | | | |
|---|---|---|---|
| ഗണിത ലോഹികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ<br>പ്രദർശനം | March | SRG<br>CT |
| | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| നിരീക്ഷണത്തിലൂടെ അറിവ് നിർമ്മിക്കുന്നതിന് | • പ്രകൃതി നടത്തം<br>• ICT വീഡിയോസ്<br>• ശാസ്ത്ര പ്രവർത്തനങ്ങൾ<br>• പാഠഭാഗവുമായി ബന്ധപ്പെടുത്തി പിക്ചർ ക്ലിപ്പ് സംഘടിപ്പിക്കൽ | June - March | SRG Class teacher |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | • പരിസ്ഥിതി ദിന സന്ദേശം എഴുതി തയ്യാറാക്കി അവതരിപ്പിക്കൽ<br>• പ്ലക്കാർഡ്, പോസ്റ്റർ, അറിയിപ്പ് ബോർഡുകൾ തയ്യാറാക്കൽ | ജൂൺ | HM SRG CT |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• ശാസ്ത്ര കൗതുകം നൽകുന്ന ശേഖരണ പുസ്തകങ്ങൾ തയ്യാറാക്കൽ. | June to March | CT |
| ശാസ്ത്രപഠനത്തിൽ താൽപര്യം അന്വേഷണത്വര എന്നിവ വർദ്ധിപ്പിക്കുന്നതിന്. | • ശാസ്ത്ര മാജിക് സംഘടിപ്പിക്കൽ<br>• ശാസ്ത്ര യാത്ര<br>• ശാസ്ത്ര മേള | ആവശ്യാനുസരണം | HM SRG CT |

| | | | |
|---|---|---|---|
| ഭൂപടവായന ഭൂപടവായന സൂചിക പരിചയപ്പെടൽ സൂചിക നിർമ്മാണം | • ഭൂപടശേഖരണം (ഗ്ലോബ് , ഭൂപടം)<br>• പ്രദർശനം<br>• Kerala and Indian Map | ഡിസം, ജനുവരി | ~~HM~~<br>SRG<br>CT |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | • ക്ലാസ് തലത്തിൽ മാസിക തയ്യാറാക്കുന്നു.<br>• പ്രദർശനം | Feb | CT<br>SRG |
| ശാസ്ത്ര പഠനം രസകരമാക്കുന്നതിനായി ശാസ്ത്ര വിസ്മയ ചുമർ തയ്യാറാക്കുന്നു. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.<br>— | June - March | CT |
| ശാസ്ത്രോത്സവം | • ശാസ്ത്ര രചനകൾ<br>• പരീക്ഷണങ്ങൾ<br>• മാഗസിനുകൾ<br>• ശേഖരണങ്ങൾ<br>• പുസ്തകങ്ങൾ<br>• ശാസ്ത്രവിസ്മയങ്ങൾ | March | HM<br>PTA<br>SRG<br>CT |

# ST. THOMAS LP SCHOOL NEELESWARAM

## അക്കാദമിക മാസ്റ്റർ പ്ലാൻ - അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിഭവങ്ങൾ |
|---|---|---|---|---|
| അറബിഭാഷയിൽ പിന്നോക്കക്കാരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക. | ഭാഷാ പിന്നോക്കക്കാരെ കണ്ടെത്തുന്നു. അവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം ക്ലാസ്സ് നടത്തുന്നു. - അക്ഷരങ്ങളും വാക്കുകളും പ്രയാസമുള്ളവ. | ജൂൺ - ആഗസ്ത്. | അധ്യാപകർ | മൊഡ്യൂൾ ഷീറ്റുകൾ |
| വായന - അക്ഷരങ്ങൾ, വാചകങ്ങൾ ഉച്ചാരണം | തിരഞ്ഞെടുത്ത പിരീഡ് പുസ്തകങ്ങളിലും പ്രത്യേകമായ സമയം. ഒറ്റക്കും, കൂട്ടായും, ഉറക്കെയും വായിക്കുക. - ചിത്രകഥ, കഥാപുസ്തകങ്ങൾ, കുട്ടിമാസികകൾ, ക്വിസ് ബുക്ക്, അറബിക് പത്രങ്ങൾ കണ്ടെത്തി. - വായനാകാർഡ് നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ PTA<br>പുസ്തകങ്ങൾ മാസികകൾ. |
| മാഗസിൻ | പാഠഭാഗത്തെ സർഗ്ഗാത്മക സൃഷ്ടികൾ (ചിത്രങ്ങൾ, കവിതകൾ, ചിന്തകൾ, കഥകൾ) ശേഖരിച്ചുവെച്ച്, കുട്ടികളുടെ സൃഷ്ടികൾ കൂടി ശേഖരിച്ച് വർഷാവസാനം മാഗസിൻ തയ്യാറാക്കുന്നു. | ജനുവരി | അധ്യാപകർ വിദ്യാർത്ഥികൾ | അധ്യാപകർ CPTA |
| ഭാഷാനൈപുണി. ശരിയായ ഉച്ചാരണത്തോടെ. | ലളിതമായ കഥകൾ, സംഭാഷണങ്ങൾ, കവിതകൾ ഉൾക്കൊള്ളിച്ച വീഡിയോകൾ | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |

| | | | | |
|---|---|---|---|---|
| | സ്വാതന്ത്ര്യത്തോടെ കേൾപ്പി ക്കുകയും പ്രവർത്തിപ്പിക്കു കയും ചെയ്യുന്നു. ഇതിലൂടെ ആത്മവിശ്വാസ ത്തിന്റെ ദൃഢസന്ദേശം നൽകുന്നു. | | | |
| അക്ഷരവടിവ് കുട്ടികളിൽ ഉറപ്പി ക്കാൻ. | - അക്ഷര കാർഡുകൾ അക്ഷരങ്ങൾക്ക് നിറം നൽകൽ നിറമെഴുതുന്ന അക്ഷ രങ്ങളുടെ ഔട്ട്‌ലൈനിനു ള്ളിൽ കളർ നൽകൽ) | ജൂൺ – ആഗസ്റ്റ് | അധ്യാപകർ രക്ഷിതാക്കൾ | കുട്ടി അധ്യാപ കർ |
| പദപരിചയം ശബ്ദങ്ങൾ പറയാൻ | 'ഞങ്ങളുടെ കളവാക്ക്' 'അൽ കളിമണ്ണ് പാത്രം' കളി പരിശീലനം - മാ സവസാനം. മധുരം നൽകൽ. | ജൂൺ – മാർച്ച് | അധ്യാപകർ | അധ്യാപകർ രക്ഷിതാക്കൾ |
| പദനിർമാണം പഠിക്കാൻ | അക്ഷര കാർഡുകൾ അക്ഷര മാലകൾ പദനിർമ്മാണ മത്സ രങ്ങൾ ഗ്രൂപ്പുകളിൽ ..... വാക്കിനു വിടാം. | സെപ്തം ബർ – ഫെബ്രുവ രി. | അധ്യാപകർ | PTA അധ്യാപ കർ |
| ഭംഗിയോടുകൂടി വൃത്തിയായി മെച്ചപ്പെടു ത്താൻ | വരകൾ വരക്കൽ, വര മാലകൾ. പരിശീലന ങ്ങൾ. നിറമെഴുത്ത് കാലിഗ്രാഫി പരിശീലനം | ജൂലൈ – ആഗസ്റ്റ് | അധ്യാപകർ | രക്ഷിതാക്കൾ PTA |
| ഉപചാരവാ ക്കുകൾ | 'ഉപചാര വാക്കുകൾ' പാഠഭാഗങ്ങളിലെ ഉപചാരവാക്കുകൾ കണ്ടെ ത്തി എഴുതിക്കുക. | ജൂൺ – മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | അധ്യാപ കർ |

| | | | | |
|---|---|---|---|---|
| | സന്ദർഭത്തിനനുസരിച്ച് പ്രയോഗിക്കാൻ അവസരങ്ങൾ സൃഷ്ടിക്കുന്നു. | | | |
| വിചാരണങ്ങൾ | [illegible] ദിനാചരണങ്ങളുടെ പോസ്റ്റർ നിർമ്മാണം. പ്രയോഗിക്കുന്ന ഭാഷയിലൂടെ സന്ദേശങ്ങൾ നൽകൽ | ജൂൺ - മാർച്ച് | അദ്ധ്യാപകർ രക്ഷിതാക്കൾ | വിദ്യാർത്ഥികൾ അദ്ധ്യാപകർ/ [illegible] |
| അറബിക് ഫെസ്റ്റ്. അറബിക് ദിനാചരണം. മത്സരങ്ങൾ | DCC [illegible] ക്വിസ് കാലിഗ്രാഫി പദനിർമ്മാണം [illegible] [illegible] ക്വിസ് [illegible] | ഡിസംബർ ജനുവരി | അദ്ധ്യാപകർ PTA | PTA അദ്ധ്യാപകർ |
| | | നവംബർ | അദ്ധ്യാപകർ രക്ഷിതാക്കൾ | |
| ടാലന്റ് ടെസ്റ്റുകൾ | [illegible] [illegible] | ജൂലൈ ഫെബ്രുവരി | അദ്ധ്യാപകർ | അദ്ധ്യാപകർ രക്ഷിതാക്കൾ |
| പഠനോത്സവം | ഗാനങ്ങൾ പാട്ടുകൾ സംഭാഷണം നാടകം സംഭാഷണം [illegible] | മാർച്ച് | അദ്ധ്യാപകർ [illegible] [illegible] | അദ്ധ്യാപകർ, രക്ഷിതാക്കൾ |